# മതഭ്രാന്തിന്റെ ഗ്രഹണകാലം
# നിസംഗതയും നിശബ്ദതയും ആരെയും രക്ഷിക്കില്ല...

സഖാക്കളെ, സുഹൃത്തുക്കളെ,

1949 നവംബർ 26 ന് ആണല്ലോ നമ്മുടെ ഭരണഘടന നിലവിൽ വന്നത്. അതിന്റെ ആമുഖവാചകം, ഈ രാജ്യത്തിനുമേൽ ഇവിടെ ജനിച്ച് ജീവിക്കുന്ന ഓരോ മനുഷ്യനുമുള്ള അവകാശങ്ങൾ ചാർത്തിതരുന്നുണ്ട്.

ഞങ്ങൾ ഇന്ത്യൻ ജനത, ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കായി രൂപീകരിക്കാനും താഴെ പറയുന്നവ എല്ലാ പൗരന്മാരിലും പരിരക്ഷിക്കാനും, സ്വയം സമർപ്പിതമായ തീരുമാനം എടുത്തു എന്നാണത് തുടങ്ങുന്നത്. എന്തൊക്കെയാണ് ആ "മാഗ്നാകാർട്ടാ" നമുക്ക് ചാർത്തി തന്നത്.

സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ നീതി ഉറപ്പാക്കും. സാമൂഹ്യപദ്ധതികളുടെയും അവസരങ്ങളുടെയും സമത്വം ഉറപ്പാക്കും. വ്യക്തിപരമായ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും ഉറപ്പുവരുത്തും. ഈ നവംബറിൽ നമ്മുടെ ഭരണഘടനയ്ക്ക് 66 വയസ്സ് പൂർത്തിയാകും. നമ്മുടെ ഭരണഘടന സപ്തതിയുടെ നിറവിലേയ്ക്ക് നീങ്ങുന്ന കാലഘട്ടത്തിൽ, നമ്മുടെ ഭരണാധികാരികൾ നമ്മെ നയിക്കുന്നതെങ്ങോട്ട് ? ഈ ചോദ്യത്തിന് അർത്ഥപൂർണ്ണമായ ഉത്തരം കണ്ടെത്താതെയും ഉചിതമായി പ്രതികരിക്കാതെയും നമുക്ക് മുന്നോട്ട് പോകാനാവില്ല. പണിയെടുത്ത് ഉപജീവനം നടത്തുന്ന ജനവിഭാഗങ്ങൾക്ക് വ്യക്തമായ നിലപാട് സ്വീകരിക്കാതെ നിലനിൽക്കാനും സാധ്യമല്ല.

യാതൊരു പാസ്പോർട്ടും വിസയും ആവശ്യമില്ലാതെ ലോകമാകെ സഞ്ചരിക്കുന്ന മൂലധനത്തിന്റെ ദല്ലാൾ മാത്രമായി മാറിയ ഭരണകൂടം 95%ത്തിലധികം വരുന്ന സാധാരണ ജനങ്ങളെ നികുതികളുടെ മഹാവലയം തീർത്ത് ശ്വാസം മുട്ടിക്കുകയാണ്. കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു. പി. എ. സർക്കാരിന്റെ കൊടിയ അഴിമതിയും കുംഭകോണങ്ങളും നിറഞ്ഞ ഭരണം ജനങ്ങളെ കോൺഗ്രസ്സിൽ നിന്നകറ്റി. മേൽ സൂചിപ്പിച്ച നവലിബറൽ നയങ്ങൾ അതിരൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും സൃഷ്ടിച്ചുവെന്ന് മാത്രമല്ല കാർഷിക പ്രതിസന്ധിയും രൂക്ഷമായി. പ്രധാനമന്ത്രി മൻമോഹൻസിംഗിന്റെ ദുർബ്ബലമായ ഭരണ നേതൃത്വവും കാര്യശേഷിയില്ലായ്മയും ജനങ്ങളിൽ കോൺഗ്രസ്സിനോടുള്ള അവമതിപ്പ് രൂക്ഷമാക്കി. അതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ കോൺഗ്രസ്സിനെ പാടെ കൈയ്യൊഴിയാൻ കാരണമായത്. ഇനി കോൺഗ്രസ്സിനോട് ചേർന്നുനിന്നിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയ കോർപ്പറേറ്റ് മുതലാളിമാർ ബി. ജെ. പി. യ്ക്ക് അനുകൂലമായി നിലപാട് സ്വീകരിച്ചതും ബി. ജെ. പി. യെ തുണച്ചു. അവർ രാജ്യത്തിന് മുന്നിൽ കരുത്തനായ പ്രധാനമന്ത്രിയെ അവതരിപ്പിച്ചു. അധികാരം കിട്ടിയാൽ രാജ്യത്തെ അഴിമതിക്കാർ വിദേശ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം തിരികെ കൊണ്ടുവരുമെന്ന് മോഡി പ്രഖ്യാപിച്ചു. അങ്ങനെ ചെയ്താൽ ഒരു ഇന്ത്യൻ പൗരന് ശരാശരി 15 ലക്ഷം രൂപാ ലഭിക്കുമെന്ന് പറഞ്ഞ് ജനങ്ങളിൽ വ്യാമോഹം സൃഷ്ടിച്ചു. ആർ. എസ്. എസ്. ന്റെ നേതൃത്വത്തിൽ ഉത്തർപ്രദേശ്, ബീഹാർ സംസ്ഥാനങ്ങളിൽ ജനങ്ങൾക്കിടയിൽ വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിച്ചു. രണ്ടുവർഷത്തിനിടയിൽ 27 വർഗ്ഗീയ കലാപങ്ങളാണ് ഉത്തർ പ്രദേശിൽ മാത്രം നടന്നത്. ഇതിന്റെ ഏറ്റവും ഉയർന്ന രൂപമാണ് മുസാഫർ കലാപം. ഫലംമോ ? 282 സീറ്റ് നേടി ബി. ജെ. പി. ഇന്ത്യയുടെ രാഷ്ട്രീയാധികാരം നേടി. എന്നാൽ ബി. ജെ. പി. യുടെ പ്രചാരവേലകൾ തട്ടിപ്പായിരുന്നുവെന്ന് ജനങ്ങൾ സ്വന്തം ജീവിതാനുഭവങ്ങളിലൂടെ തിരിച്ചറിയുകയാണ്. കോൺഗ്രസ്സിനേക്കാൾ ആവേശത്തോടെ ആഗോളവത്ക്കരണ നയങ്ങളെ വാരിപ്പുണരുകയാണ് നരേന്ദ്രമോഡി സർക്കാർ. രാജ്യത്തെ കോടിക്കണക്കിന് തൊഴിലാളികളെ ഇ. എസ്. ഐ. ആനുകൂല്യത്തിൽനിന്നും പുറത്താക്കുകയാണ്. പകരം ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമത്രേ! (ഇത് നടപ്പിലായാൽ നമ്മുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് പദ്ധതിയുടെ സ്ഥിതിയെന്താകും ?) തൊഴിലാളികളുടെ ആകെയുള്ള ജീവിത സമ്പാദ്യമായ പ്രൊവിഡന്റ് ഫണ്ട് ഓഹരിക്കമ്പോളത്തിൽ ചൂതാട്ടത്തിന് വിട്ടുനൽകുകയാണ്. (അങ്ങനെയായാൽ പെൻഷൻ പോലുമില്ലാത്ത കെ. എസ്. എഫ്. ഇ. ജീവനക്കാരുടെ ഭാവിയെന്താകും ?) ഈ വർഷം മാത്രം പൊതുമേഖല ഓഹരികൾ വിറ്റ് സ്വരൂപിക്കുന്നത് 65,000 കോടി രൂപയാണ്. (പൊതുമേഖലകളെ സ്വകാര്യവത്ക്കരിച്ചാൽ കെ. എസ്. എഫ്. ഇ. യുടെ ഭാവി എന്താകും ? കെ. എസ്. എഫ്. ഇ. യിൽ പുതുതായി നിയമിക്കപ്പെട്ട അസിസ്റ്റന്റ് / ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് ഇ. പി. എസ്. 95 പെൻഷൻ പോലുമില്ലാതാക്കി കഴിഞ്ഞു. ഗ്രൂപ്പ് എൽ. ഐ. സി. സ്കീം എൽ. ഐ. സി. നിർത്തലാക്കിയതിനാൽ, ഗ്രൂപ്പ് എൽ. ഐ. സി. യുടെ പരിരക്ഷയും അവർക്ക് നഷ്ടമാകുകയാണ്.

രാജ്യത്തെ തൊഴിലാളി വർഗ്ഗത്തെ കൂലിയടിമകളാക്കി മാറ്റുന്ന തൊഴിൽ നിയമഭേദഗതിക്കെതിരെ അതിശക്തമായ പ്രക്ഷോഭം രാജ്യത്ത് ഉയരുകയാണ്. പൊതുമേഖലകൾ സംരക്ഷിക്കുക, സുസ്ഥിരമായ പെൻഷൻ നടപ്പാക്കുക, വിലക്കയറ്റം നിയന്ത്രിക്കുക, ബോണസ് പരിധി എടുത്തുകളയുക, തൊഴിൽ നിയമങ്ങൾ മുതലാളിമാർക്കനുകൂലമായി തിരുത്തിയെഴുതാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയുക എന്നിങ്ങനെ 12 സുപ്രധാന മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് ഇക്കഴിഞ്ഞ സെപ്തംബർ 2 ന് നടന്ന ദേശീയ പണിമുടക്കിന് വർദ്ധിച്ച പിന്തുണയാണ് ജനങ്ങൾ നൽകിയത്. ജനങ്ങളെ വർഗ്ഗീയമായി ഭിന്നിപ്പിച്ച്, ജനവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ അനുവദിക്കുകയില്ലെന്ന ശക്തമായ താക്കീതായി സമരം മാറി. 31% ജനങ്ങളുടെ വോട്ട് വാങ്ങി അധികാര സോപാനം കയറിയവർ രാജ്യം തന്നെ കീഴ്പ്പെടുത്തിയെന്ന ധാരണയിൽ തീവ്രഹിന്ദുത്വ നിലപാടുകൾ മതനിരപേക്ഷ രാഷ്ട്രത്തിന് മേൽ അടിച്ചേൽപ്പിക്കുന്ന ബി. ജെ. പി. സർക്കാരിനോട് 69% ജനങ്ങൾ പുറത്തുണ്ട് എന്ന് ബോധ്യപ്പെടുത്തുകയാണ് രാജ്യത്തെ തൊഴിലാളി വർഗം പണിമുടക്കിലൂടെ ചെയ്തത്.

കെ. എസ്. എഫ്. ഇ. യിലെ OA സംഘടനാ പ്രവർത്തകർ, ഈ പണി മുടക്കിൽനിന്നും വിട്ടുനിന്ന് ഇന്ത്യയിലെ ഫാസിസ്റ്റ് ഭരണകൂടത്തോട് കൂറ് പ്രഖ്യാപിച്ചു. ജോലി ചെയ്യാതെ കിട്ടുന്ന ഒരു ദിവസത്തെ വേതന (നോക്കുകൂലി) ത്തിനുവേണ്ടി രാജ്യത്ത് ഉയർന്നുവന്ന സമരൈക്യ പ്രസ്ഥാനത്തെ ഒറ്റുകൊടുത്ത് കരിങ്കാലികളായി. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മതനിരപേക്ഷതയുടെ ആധാരശിലകൾ തകർത്ത് വർഗ്ഗീയതയുടെ വിഷം പുരട്ടി പുതിയ കല്ലുകൾ പാകുന്ന ഇന്ത്യൻ ഭരണകൂട

ത്തിന് കൂറ് പ്രഖ്യാപിച്ച അഭിനവ യൂദാസുകൾക്ക് കാലം മാപ്പ് നൽകില്ല. പണിമുടക്ക് ദിവസം ഡൈസ് നോൺ പ്രഖ്യാപിച്ചു കൊണ്ട് കേരളത്തിലെ യു.ഡി.എഫ്. സർക്കാരും തങ്ങളുടെ കൂറ് ആരോടാണെന്ന് വ്യക്തമാക്കി.

ഇന്ത്യൻ സ്വതന്ത്ര്യ സമരത്തെ ശിഥിലമാക്കാൻ ബ്രിട്ടീഷ് സാമ്രാജ്യം കരുവാക്കിയത് ഹിന്ദു – മുസ്ലീം വർഗ്ഗീയതയെയാണല്ലോ? ഹിന്ദുമത സഭയും മുസ്ലീം ലീഗും രംഗം കൊഴുപ്പിച്ചു. First you divide me, then divide india എന്ന് നെഞ്ച് തകർന്ന് വിലപിച്ച മഹാത്മാവിന്റെ വാക്കുകൾ കേൾക്കാൻ ആരുമുണ്ടായില്ല. രാജ്യം വെട്ടിമുറിക്കപ്പെട്ടു. തെരുവുകളിൽ ചുടുരക്തമൊഴുകി പ്പടർന്നു. ആയിരങ്ങളാണ് ഇന്ത്യയിലും പാക്കിസ്ഥാനിലും അഭയാർത്ഥികളായത്. 1991 ൽ സോഷ്യലിസ്റ്റ് ചേരിയുടെ പതനത്തെ തുടർന്ന് രാഷ്ട്രീയവും സൈനികവും സാമ്പത്തികവുമായ ആധിപത്യം നേടുന്നതിന് അമേരിക്കൻ സാമ്രാജ്യത്വം ഉപയോഗിച്ചത് വർഗ്ഗീയതയെയും മതഭ്രാന്തിനെയുമാണ്. സിറിയയിൽ അസ്സദ് സർക്കാരിനെ പുറത്താക്കാൻ ഭീകരപ്രവർത്തനങ്ങൾക്കായി അമേരിക്കയും സൗദി അറേബ്യയും തുർക്കിയും ചേർന്ന് വളർത്തിക്കൊണ്ടുവന്ന അൽ – നുസ്റ എന്ന ഇസ്ലാമിക് ഭീകരസംഘടന യാണ് ഐ എസ് ഐ എസ് ആയി രൂപാന്തരം നേടിയത്. സോഷ്യലിസ്റ്റ് ചേരിയോട് ആഭിമുഖ്യം പുലർത്തിയ അഫ്ഗാനിസ്ഥാനിലെ നജീബുള്ള സർക്കാരിനെ അട്ടിമറിക്കാൻ അൽ – ഖ്വയ്ദയെയും താലിബാനേയും ആയുധമണിയിച്ച് രംഗത്തിറക്കിയതും മറ്റാരുമല്ല. ആഫ്രിക്കയിൽ വളർന്നുവന്ന വിമോചന പ്രസ്ഥാനങ്ങളെയും പുരോഗമന – ജനാധിപത്യ പ്രസ്ഥാനങ്ങളെയും തകർക്കാൻ മത – ഗോത്ര – വംശീയ വിദ്വേഷം വളർത്തുന്ന വിഭാഗങ്ങളെ പ്രോത്സാഹിപ്പിച്ചതും അമേരിക്ക തന്നെ. ഇന്ന് യമനിലും ഉത്തരാഫ്രിക്കയിലുമെല്ലാം അതിനിഷ്ഠുരമായ കൊലപാതകങ്ങൾ നടത്തുന്നത് ഈ ഭീകരസംഘങ്ങളാണെന്നതും നമുക്ക് ഓർത്തുവെയ്ക്കാം. നൈജീരിയയിലെ ബൊക്കഹറാം ഇതിന്റെ ഒരു അവാന്തരവിഭാഗമാണ്.

നോക്കൂ ! അയ്‌ലൻ കുർദി മരിച്ചതല്ല. കൊല്ലപ്പെട്ടതാണ്. തുർക്കി തീരത്ത് മണലിൽ മുഖം ചായ്ച്ചു കിടക്കുന്ന മൂന്നു വയസ്സുകാരന്റെ ചേതനയറ്റ ശരീരം, നീലോഫറിന്റെ ക്യാമറ കണ്ണുകളിലൂടെ കണ്ട് ലോകം ഞെട്ടി. ഒരുവശത്ത് ഐ.എസ്. തീവ്രവാദികളുടെ അതിരില്ലാത്ത,നിർത്താത്ത നിഷ്ഠുരത, മറുവശത്ത് അനന്തമായി തുടരുന്ന അമേരിക്കൻ ബോംബാക്രമണം. ഇതിനിടയിൽപ്പെട്ട് നട്ടം തിരിയുന്ന ഇറാഖിലേയും സിറിയയിലേയും ജനങ്ങൾ സർവ്വതും ഉപേക്ഷിച്ച് ജീവനും കൊണ്ട് ഓടുന്ന ഭീകരകാഴ്ചയാണ് നാം കാണുന്നത്. രക്ഷപ്പെടാനുള്ള തത്രപ്പാടിൽ അവശേഷിച്ച സമ്പാദ്യം ക്രിമിനൽ സംഘങ്ങൾക്ക് കൈമാറി സ്വസ്ഥമായി ജീവിക്കാമെന്ന പ്രതീക്ഷയിലാണ് അവർ മെഡിറ്ററേനിയൻ കടൽ കടന്ന് യൂറോപ്പിലേയ്ക്ക് കടക്കാൻ ശ്രമിക്കുന്നത്. അവിടെ അവർ അഭിമുഖീകരിക്കുന്നതാകട്ടെ വെടിയുണ്ടകളും ബോംബും കനത്ത കമ്പിവേലിയുമാണ്.

ജീവൻ രക്ഷിക്കാനുള്ള പാച്ചിലിൽ നൂറുകണക്കിനു പേർ മെഡിറ്ററേനിയൻ കടലിന്റെ ആഴങ്ങളിൽ ഒടുങ്ങുന്നു. അത്തരം കുടുംബത്തിലെ ഒരംഗമാണ് അയ്‌ലൻ കുർദി.... അവന്റെ അഞ്ചുവയസ്സുകാരനായ സഹോദരന്റെയും അമ്മയുടെയും ശരീരങ്ങൾ അലയൊഴിയുടെ ആഴങ്ങളിൽ പൊലിഞ്ഞപ്പോൾ, അവന്റെ കുരുന്നു ശരീരം തുർക്കി തീരത്തണഞ്ഞു.

തീർച്ചയായും അയ്‌ലൻ കുർദി ഒരു സൂചനയാണ്. മതഭ്രാന്തിന്റെ ആരവങ്ങൾ നമ്മെ വീണ്ടും ശിഥിലമാക്കും. നമ്മുടെ കുടുംബവും നമ്മുടെ തൊഴിലിടങ്ങളും ശവപ്പറമ്പുകളാകാൻ ഒരുനിമിഷം മതിയാകും. ന്യൂനപക്ഷ വർഗ്ഗീയതയും, ഭൂരിപക്ഷ വർഗ്ഗീയതയും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. മതത്തിന്റെ പേരു പറഞ്ഞ് ആളെ കൂട്ടുന്നവർ രാജ്യത്തിന്റെ ശത്രുക്കളാണെന്ന തിരിച്ചറിവ് നമ്മെ നയിക്കണം. ബി.ജെ.പി. യുടെ തീവ്ര ഹിന്ദുത്വത്തിന് കോൺഗ്രസ്സ് പകരം വച്ചത് മൃദു ഹിന്ദുത്വമാണ്. എവിടെയൊക്കെ ഈ നയം കോൺഗ്രസ്സ് സ്വീകരിച്ചുവോ അവിടെയെല്ലാം കോൺഗ്രസ്സ് തകർന്നടിയുകയാണ് ചെയ്തത്. എന്നിട്ടും അനുഭവങ്ങളിൽ നിന്നും പാഠം പഠിക്കുന്നതിന് പകരം ഇരുവർഗ്ഗീയതകളെയും താലോലിക്കുകയാണ് കോൺഗ്രസ്സ്. മതവിദ്വേഷ പ്രസംഗം നടത്തിയ തൊഗാഡിയയ്ക്കെതിരായ കേസ് പിൻവലിച്ച കേരളാസർക്കാർ സമീപനം ആശങ്കപ്പെടുത്തുന്നതാണ്. പത്ര മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും മത സാമുദായിക സംഘടനാ നേതാക്കളുടെ വിദ്വേഷ പ്രസംഗങ്ങൾക്ക് അമിത പ്രാധാന്യം നൽകുകയാണ്. കേരളത്തിലെ നവോത്ഥാന നായകരെ "കുടത്തിലടച്ച വിളക്കു"കളാക്കാനുള്ള മത സാമുദായിക നേതാക്കളുടെ പരിശ്രമത്തെ നാം ചെറുത്ത് തോൽപ്പിക്കണം. ജാതിയും മതവും ചർച്ച ചെയ്യുന്നതിനുപകരം മനുഷ്യനും അവന്റെ ജീവിതവും ചർച്ചയ്ക്ക് വെയ്ക്കാൻ മാധ്യമങ്ങൾ നിർബന്ധിതരാകുന്ന സാമൂഹ്യ സാഹചര്യം നാം രൂപപ്പെടുത്തണം. രാജ്യത്തിന്റെ മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് ജനതയെ മുന്നോട്ട് നയിക്കാൻ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ കൊടികൾ ഉയർന്നു പറക്കണം. ഇടതുപക്ഷ – മതേതര ഐക്യം രൂപപ്പെടുത്തി മുന്നോട്ട് പോകുവാൻ വഴിവിളക്കുകളാകട്ടെ നവോത്ഥാന നായകരുടെ സന്ദേശങ്ങൾ.

സഹോദരൻ അയ്യപ്പന്റെ താഴെ കൊടുക്കുന്ന വരികൾ നമ്മുടെ ഉണർത്തുപാട്ടാകട്ടെ.

ഉണരിനെങ്ങുമേവരും ഉണരിൻ കൂട്ടംകൂട്ടമായ്
ഒരുമയോട് സംഘടിച്ചൊരേഴാത്ത ശക്തിയായ്
ഇവിടെ നമ്മളടിയുറച്ച് കരളുറച്ച് നിൽക്കണം
മനുജഭേദമടിതകർന്നു സമതയെങ്ങും വായ്ക്കണം
അതിനുവേണ്ടിയിടവിടാതെ ചുണവിടാതെ പൊരുതണം
മനുജരേക ജാതിയെന്ന് ഗുരുവുരച്ച ശാസനം
മനുജരാകെയനുസരിച്ച് ധരണി ധന്യമാകണം

അഭിവാദനങ്ങളോടെ,

23.10.205

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസ്സോസിയേഷൻ (സി.ഐ.റ്റി.യു.)
ഫോൺ : 9446538432